പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1146

13.06.2013-ൽ മറുപടി
നൽകേണ്ടത്

## ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനായി ഓരോ ജില്ലയിലും എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂരഹിതരായ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി ഓരോ ജില്ലയിലും നാളിതുവരെ കണ്ടെത്തിയതിൽ സർവ്വേ നടപടി പൂർത്തിയായ ഭൂമിയുടെ വിവരം ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ലഭ്യമായ ഭൂമി (ഏക്കറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 203.71 |
| 2 | കൊല്ലം | 21.20 |
| 3 | പത്തനംതിട്ട | 11.78 |
| 4 | ആലപ്പുഴ | 12.17 |
| 5 | കോട്ടയം | 47.51 |
| 6 | ഇടുക്കി | 207.53 |
| 7 | എറണാകുളം | 83.70 |
| 8 | തൃശ്ശൂർ | 45.62 |
| 9 | പാലക്കാട് | 54.03 |
| 10 | മലപ്പുറം | 35.29 |
| 11 | കോഴിക്കോട് | 39.02 |
| 12 | വയനാട് | 31.50 |
| 13 | കണ്ണൂർ | 435.73 |
| 14 | കാസർഗോഡ് | 1217.66 |
| | **ആകെ** | **2446.70** |

| | |
|---|---|
| (ബി) ഓരോ ജില്ലയിലും എത്രപേർക്ക് വീതം ഭൂമി നൽകുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ ; | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയും അനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തി സർവ്വേ ചെയ്തും കഴിഞ്ഞാൽ മാത്രമേ ഓരോ ജില്ലയിലും എത്ര പേർക്ക് ഭൂമി നൽകാൻ കഴിയുമെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഭൂരഹിതരായ ബാക്കി അപേക്ഷകർക്കു നൽകുവാൻ എത്ര ഭൂമി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ? | (സി) ആദ്യ ഘട്ടത്തിൽ സ്വീകരിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അർഹരായ 2,33,232 കുടുംബങ്ങളുടെ ലിസ്റ്റ് 15.08.2012- ൽ പ്രസിദ്ധീകരിച്ചു.<br>അപേക്ഷ സ്വീകരിക്കുന്ന തീയതി 15.02.2013 വരെ ദീർഘിപ്പിച്ച പ്രകാരം കിട്ടിയ അപേക്ഷകളിന്മേൽ അന്വേഷണം നടന്നുവരുന്നു. അർഹരായി കണ്ടെത്തുന്ന മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം 2015 ആഗസ്റ്റിന് മുമ്പായി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ